"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ ചേലോറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എൻ.വി. ഹരീന്ദ്രനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1545/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/08/2020**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 07.02.2014-ലെ ഇ13 (എസ് സി 34/2013/KNR ) 20679/2013 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 06.05.2014-ലെ 2439/ഡി1/2014/തസ്വഭവ നമ്പർ കത്ത്

3 സർക്കാരിന്റെ 11.12.2014-ലെ 44687/ഇപിബി3/2014/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. എൻ.വി. ഹരീന്ദ്രൻ സമർപ്പിച്ച പ്രതിവാദ പത്രിക

6 പഞ്ചായത്ത് ഡയറക്ടറുടെ 06.04.2018-ലെ ഡി1-49693/2014നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ചേലോറ ഗ്രാമപഞ്ചായത്തിൽ സബ്സിഡി വളം വിതരണത്തിലെ അഴിമതി സംബന്ധിച്ച ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു ടി റിപ്പോർട്ടിൽ, കർഷകർക്ക് വേണ്ടി വളം വിതരണം ചെയ്തതിൽ സ്റ്റോർ പർച്ചെയ്സ് റൂൾസ് പാലിക്കുന്നതിൽ പഞ്ചായത്ത് സെക്രട്ടറിയും അഗ്രികൾച്ചറൽ ഓഫീസറും പരാജയപ്പെട്ടുവെന്നും പദ്ധതി നടപ്പിലാക്കിയപ്പോൾ മത്സരാടിസ്ഥാനത്തിലുള്ള ക്വാട്ടേഷൻ ക്ഷണിച്ചില്ലായെന്നും കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ക്രമക്കേടിന് അഗ്രികൾച്ചറൽ ഓഫീസർ ശ്രീമതി. ലീന.എം.കെ, ചേലോറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എൻ.വി. ഹരീന്ദ്രൻ എന്നിവരാണ് ഉത്തരവാദികളെന്നും കണ്ടെത്തിയിട്ടുണ്ട്.

മേൽ വിജിലൻസ് കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ചേലോറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എൻ.വി ഹരീന്ദ്രനെതിരെ പരാമർശം (3) പ്രകാരം ലഘുശിക്ഷക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. കുറ്റപത്രത്തിന് ശ്രീ. എൻ.വി. ഹരീന്ദ്രൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ ചേലോറ ഗ്രാമപഞ്ചായത്തിൽ 2012-13 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട SO 90/13 നമ്പർ പ്രോജക്ടായ ജൈവവളം വിതരണം പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസറായിരുന്നുവെന്നും ടി പ്രോജക്ട് നിയമാനുസൃതമായി വിഭാവനം ചെയ്ത പ്രകാരം നടപ്പിലാക്കിയതിന് ശേഷം തുക അനുവദിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പ്രസിഡന്റിന്റെ അംഗീകാരത്തോടെ അലോട്ട്മെന്റ് ലെറ്റർ മാത്രമാണ് സെക്രട്ടറി അനുവദിക്കുന്നതെന്നും 12-MW പഞ്ചവത്സര പദ്ധതി പ്രകാരം കൃഷിയും അനുബന്ധ മേഖലയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് രൂപം കൊടുക്കുന്ന വർക്കിംഗ് ഗ്രൂപ്പ് കൺവീനറും, ടി പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനും കൃഷി ഓഫീസറാണ് എന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടതായും, ടി പ്രൊജക്ടുമായി ബന്ധപ്പെട്ട എല്ലാ രേഖകളും നിർവ്വഹണ ഉദ്യോഗസ്ഥനാണ് സൂക്ഷിക്കേണ്ടതെന്നും ടി പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ വീഴ്ച വന്നിട്ടുള്ളതിന് ഉത്തരവാദി നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ആണെന്നും സെക്രട്ടറി കൃത്യവിലോപം കാട്ടി എന്നുള്ള ആരോപണം വസ്തുതാപരമല്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## File No.LSGD-EPB3/377/2019-LSGD

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ജൈവവളം വിതരണം എന്ന പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ വീഴ്ച വന്നിട്ടുള്ളതിന് ഉത്തരവാദി കൃഷി ഓഫീസറാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അലോട്ട്മെന്റ് ലെറ്റർ നൽകുന്ന സെക്രട്ടറിയ്ക്ക് നിർവ്വഹണ നടപടിക്രമങ്ങൾ പരിശോധിക്കുന്നതിന് സാധിക്കുകയില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് സെക്രട്ടറിയായിരുന്ന ശ്രീ. എൻ.വി. ഹരീന്ദ്രന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടില്ലെന്നു കാണുന്നതിനാൽ ചേലോറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. എൻ.വി. ഹരീന്ദ്രനെതിരെ തുടർനടപടികൾ ആവശ്യമില്ലെന്നു കണ്ട് ടിയാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. എൻ.വി. ഹരീന്ദ്രൻ, മുൻ സെക്രട്ടറി, ചേലോറ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ മുഖേന)
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ& ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ്

   (യു.ഒ റിമാർക്സ് നം.വിജി.ഡി1/910/2019/വിജി. തീയതി 19.02.2020പ്രകാരം)
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/377/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SUDHEER S S
Date: 2020.08. 16:41:54 IST
Reason: Approved
സെക്ഷൻ ഓഫീസർ